**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺ പ്ലാനറുടെ നടപടിക്രമങ്ങൾ.**

വിഷയം: – ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – തിരുവനന്തപുരം നഗരസഭ – കഴക്കൂട്ടം വില്ലേജ് – സ്കൂൾ കെട്ടിട നിർമ്മാണം – കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- Smt. Nalini Purushothaman 31.01.2022, 25.03.2022 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നമ്പർ: TCPTVM/229/2022-D തീയതി 30/05/2022**

തിരുവനന്തപുരം നഗരസഭയിൽ കഴക്കൂട്ടം വില്ലേജിൽ റീസർവ്വേ നമ്പർ 175/24, 175/12, 175/20, 175 /9 -1, 175 /10 -1, 175/3 -1, 175 /17, 175/18, 175/4-2, 175/4-1 എന്നിവയിപ്പെട്ട 82.27 ആർ സ്ഥലത്തു നിലവിലുള്ള 4342.93 ച.മീ വിസ്തൃതിയുള്ള കെട്ടിടത്തോട് ചേർന്ന് 486.04 ച.മീ വിസ്തൃതിയിൽ പുതിയ സ്കൂൾ കെട്ടിടം നിർമിക്കുന്നതിന് (ആകെ വിസ്തൃതി 4828.97 ച.മീ) ലേ-ഔട്ട് അംഗീകാരത്തിനായി ശ്രീമതി. നളിനി പുരുഷോത്തമൻ നേരിട്ട് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്കിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. പ്രസ്തുത നിർമാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തണം.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തിയിരിക്കണം.
4. നിർമ്മാണ സ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. നിർമാണം കെ.എം.ബി.ആർ 2019 ചട്ടം 79 ന അനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം
6. പ്ലാനിൽ നൽകിയിട്ടുള്ള വിധം കെ .എം.ബി.ആർ 2019 ചട്ടം 29 പ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിംഗിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
7. കെ.എം.ബി.ആർ 2019 ചട്ടം 76 ന അനുസൃതമായി മഴവെള്ള സംഭരണ സംവിധാനം പ്രസ്തുത നിർമാണത്തിന് നൽകേണ്ടതാണ്
8. കെ.എം.ബി.ആർ 2019 ചട്ടം 42 പ്രകാരം ശാരീരിക വൈകല്യമുള്ളവർക്കുള്ള സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച ഉറപ്പ വരുത്തണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**21/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ ഒരു സെറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.**

ANJU W.C
DEPUTY TOWN PLANNER
TOWNPLANNER (i/c)

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി
തിരുവനന്തപുരം നഗരസഭ

പകർപ്പ്: 1) അപേക്ഷകൻ,(അറിവിലേയ്ക്കായി)
Smt. Nalini Purushothaman
Secretary, Alan Feldman Public School
Kazhakuttom.
2)കരുതൽ ഫയൽ
3)ഫയൽ